# സാമ്പത്തിക അവലോകന രേഖ 2015 – റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ

## വരുമാനം

### അടിസ്ഥാന വർഷ മാറ്റം

ദേശീയ വരുമാനം കണക്കാക്കുന്നതിലെ അടിസ്ഥാന വർഷം 2004-05 എന്നതിൽ നിന്നും 2011-12 ആയി മാറ്റിയിട്ടുണ്ട്. 2008ൽ ദേശീയ അക്കൌണ്ട്സ് സംവിധാനം സ്വീകരിച്ചതിന്റെ ഫലമായി ചില ആശയങ്ങളിലും മാറ്റം വന്നിട്ടുണ്ട്. സ്ഥിരകമ്പോളവിലയിലെ ജി.ഡി.പി.യെ (Gross Domestic Product) ഇനി മുതൽ ജി.ഡി.പി.യായും ഘടകമൂല്യത്തിലുള്ള ജി.ഡി.പി.യ്ക്ക് പകരം മൊത്തം സംയോജിത മൂല്യം അടിസ്ഥാന വിലയിൽ (ജി.വി.എ.) (Gross Value Added) എന്നതായും അറിയപ്പെടും. ഇവ രണ്ടും തമ്മിലുള്ള ബന്ധം: ജി.വി.എ അടിസ്ഥാന വിലയിൽ = ഘടക വിലയിൽ ജി.വി.എ. + ഉല്പാദന നികുതി – ഉല്പാദന സബ്സിഡികൾ എന്നതാണ്. ജി.ഡി.പി. യും ജി.വി.എ.യും തമ്മിൽ ഇനിപ്പറയുന്ന ബന്ധമാണുള്ളത്. ജി.ഡി.പി = ജി.വി.എ. അടിസ്ഥാനവിലയിൽ + ഉല്പന്ന നികുതി – ഉല്പന്ന സബ്സിഡികൾ.

### വരുമാനം

- പുതിയകണക്കുകൾപ്രകാരം 2014-15-ൽ സംസ്ഥാന സമ്പദ് വ്യവസ്ഥ 6.67 ശതമാന നിരക്കിൽ വളർച്ച കൈവരിച്ചു.

- മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനം (ജി.എസ്.ഡി.പി.) (Gross State Domestic Product) 2011-12- ലെ സ്ഥിരവിലയിൽ 2013-14 സാമ്പത്തികവർഷം 40530850 ലക്ഷം രൂപയിൽ നിന്ന് 2014-15 ൽ 43236140 ലക്ഷം രൂപയായി വർദ്ധിച്ചു. വളർച്ചാനിരക്ക് 2013-14 ലെ 4.54 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2014-15 - ൽ 6.67 ശതമാനമാണ്. നടപ്പുവിലയിൽ മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനം 2013-14 - ലെ 46291606 ലക്ഷം രൂപയിൽ നിന്ന് 12.31 ശതമാനം വളർച്ചയോടെ 2014-15 - ൽ 51989585 ലക്ഷം രൂപയായി.

- ത്വരിതകണക്കിൽ കേരളത്തിന്റെ അറ്റ സംസ്ഥാന ആഭ്യന്തരോല്പാദനം (സംസ്ഥാനവരുമാനം) 2011-12 ലെ സ്ഥിരവിലയിൽ 2013-14 സമ്പത്തികവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 36588661 ലക്ഷം രൂപയിൽനിന്ന് 7.0 ശതമാനം വളർച്ച കൈവരിച്ച് 2014-15-ൽ 39176307 ലക്ഷം രൂപയായി. നടപ്പുവിലയിലുള്ള സംസ്ഥാന അറ്റആഭ്യന്തരോല്പാദനം 2013-14 ലെ 41804353 ലക്ഷം രൂപയിൽ നിന്ന് വർദ്ധിച്ച് 2014-15-ൽ 47052306 ലക്ഷം രൂപയായി. സംസ്ഥാന വരുമാനത്തിന്റെ വളർച്ചാനിരക്ക് നടപ്പ് വിലയിൽ 2013-14 -ൽ 12.56 ശതമാനത്തിൽ നിന്ന് 2014-15- ൽ 12.55 ശതമാനമായി.

### പ്രതിശീർഷ വരുമാനം

- പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉല്പന്നം ത്വരിത കണക്കുകൾ പ്രകാരം സ്ഥിരവിലയിൽ 2013-14 ൽ 108147 രൂപ ആയിരുന്നത് 2014-15 ൽ 6.54 ശതമാനം വളർച്ച കൈവരിച്ച് 115225 രൂപയായി.

- 2012-13 മുതൽ 2014-15 വരെ കേരളത്തിന്റെ പ്രതിശീർഷ സംസ്ഥാന വരുമാനം (സ്ഥിരവിലയിൽ 2011-12) ദേശീയ പ്രതിശീർഷ വരുമാനത്തേക്കാൾ 50 ശതമാനത്തിനുമേൽ ഉയർന്നതാണ്.

- ദേശീയതലത്തിൽ പ്രതിശീർഷ വരുമാനം 2013-14-ൽ 70920 രൂപയും 2014-15-ൽ 75136 രൂപയും ആണ്.

**മേഖലാവിതരണം**

2014-15ൽ (2011-12 വിലയിൽ) സംസ്ഥാന ആഭ്യന്തരോല്പാദനത്തിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ വിഹിതം യഥാക്രമം 12.15 ശതമാനം, 25.11 ശതമാനം, 62.74 ശതമാനം ആണ്. നടപ്പുവിലയിൽ 15-2014 കാലയളവിൽ മൊത്തസംസ്ഥാന കൂട്ടിച്ചേർത്ത മൂല്യത്തിൽ ഈ മൂന്ന് മേഖലകളുടെയും വിഹിതം യഥാക്രമം 12.91 ശതമാനം, 24.81 ശതമാനം, 62.28 ശതമാനം എന്ന നിലയിലാണ്.

**ജില്ലാതല മൊത്ത സംസ്ഥാന സംയോജിതമൂല്യം**

അടിസ്ഥാനവിലയിലുള്ള 2014-15ലെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ ജില്ലാ വിതരണത്തിൽ (നടപ്പ് വില) എറണാകുളം ജില്ല 7308907 ലക്ഷം രൂപയോടെ ഒന്നാം സ്ഥാനത്ത് തുടരുന്നതായി കാണുന്നു. 2013-14 ൽ ജില്ലയുടെ വിഹിതം 64943047 ലകഷം രൂപയായിരുന്നു. ആതായത് 2013-14 നെ അപേക്ഷിച്ച് 12.54 ശതമാനം വളർച്ച രേഖപ്പെടുത്തി. സ്ഥിര വിലയിൽ (2011-12) 2013-14ൽ ഇത് 5680292 ലക്ഷം രൂപയായിരുന്നത് 2014-15 ൽ 6081130 ലക്ഷം രൂപയായി.

**ജില്ലാതല പ്രതിശീർഷ വരുമാനം**

- 2014-15 ലെ എറണാകുളം ജില്ല 2011-12- ലെ സ്ഥിരവിലയിൽ 161472 രൂപയുമായി പ്രതിശീർഷ വരുമാനത്തിൽ ഒന്നാമത് നില്ക്കുന്നതായി ജില്ലാതല പ്രതിശീർഷ വരുമാനത്തിന്റെ വിശകലനം കാണിക്കുന്നു. 2013-14- ൽ ഇത് 151210 രൂപയായിരുന്നു.

- ആലപ്പുഴ, ഇടുക്കി, എറണാകുളം, തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകൾ 2014-15 സാമ്പത്തികവർഷം പ്രതിശീർഷ വരുമാനത്തിന്റെ ശരാശരി വളർച്ചാനിരക്കിനേക്കാൾ ഉയർന്ന വളർച്ചാനിരക്കുള്ളതായി വ്യക്തമാകുന്നു. അതേസമയം പത്തനംതിട്ട, കോട്ടയം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകൾക്ക് സംസ്ഥാന ശരാശരിയിലും വളരെ താഴ്ന്ന വളർച്ചാനിരക്കാണുള്ളത്.

**കൃഷി അനുബന്ധ മേഖല**

**കൃഷി**

2011-12 വർഷത്തെ അടിസ്ഥാനമാക്കിയുള്ള പുതിയ സീരീസ് പ്രകാരം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് (ഡി.ഇ.എസ്) തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി അനുബന്ധ മേഖലയുടെ വളർച്ചാ നിരക്ക് 2014-15 വർഷത്തിൽ -4.67 ശതമാനമായി കുറഞ്ഞിരിക്കുന്നു. 2012-13 ൽ ഇത് 1.43 ശതമാനവും 2013-14 ൽ -2.13 ശതമാനവും ആകുന്നു. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കൃഷി അനുബന്ധ മേഖലയുടെ വിഹിതം 2011-12 കാലയളവിൽ 14.38 ശതമാനമായിരുന്നത് 2014-15 വർഷത്തിൽ 11.6 ശതമാനമായി കുറഞ്ഞു. 2012-13, 2013-14 കാലയളവിൽ ഇത് യഥാക്രമം 13.76 ശതമാനവും 12.9 ശതമാനവുമാണ്.

- **നെല്ല്** – നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം മുൻവർഷത്തേക്കാൾ 0.73 ശതമാനം കുറവാണെങ്കിലും നെല്ലിന്റെ ഉല്പാദനക്ഷമതയിൽ 2014-15 ൽ നേരിയ വർദ്ധനവ്(0.35 ശതമാനം) ഉണ്ടായിട്ടുണ്ട്. നെല്ലുല്പാദനം 2013-14 വർഷത്തിൽ 5.64 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2014-15 ൽ 5.62 ലക്ഷം മെട്രിക് ടൺ ആയി കുറഞ്ഞു (-0.39 ശതമാനം).

- **നാളികേരം** – ഉല്പാദനത്തിൽ മുൻ വർഷത്തേക്കാൾ 0.44 ശതമാനം വർദ്ധന. (2013-14 ൽ 5921 മെട്രിക് ടൺ ആയിരുന്നത് 2013-15 ൽ 5947 മെട്രിക് ടൺ ആയി വർദ്ധിച്ചു. ഉല്പാദനക്ഷമത 2013-14 ൽ 7322 കിലോഗ്രാം/ഹെക്ടർ ആയിരുന്നത് 2014-15 ൽ 7491 കിലോഗ്രാം/ഹെക്ടർ ആയി വർദ്ധിച്ചു (2.31 ശതമാനം).

- **പച്ചക്കറി** - കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പ്രോജക്ടിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായി. പച്ചക്കറി കൃഷിയുടെ വിസ്തൃതി 2011-12 ൽ 42477 ഹെക്ടർ ആയിരുന്നത് 2014-15 ൽ 90,533 ഹെക്ടർ ആയി വർദ്ധിച്ചു. ഇതിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പച്ചക്കറി വികസന പ്രോജക്ടിന്റെ പങ്ക് 36 ശതമാനം ഉല്പാദനം 2011-12 ൽ 8.25 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2014-15 ൽ 13.55 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു (64 ശതമാനം വർദ്ധന). കൃഷി വകുപ്പ് മുഖാന്തിരമുള്ള പച്ചക്കറി വികസന പ്രോജക്ടിന്റെ പങ്ക് ഉല്പാദനത്തിൽ 4.49 ലക്ഷം മെട്രിക് ടൺ (33 ശതമാനം).

- **മരച്ചീനി** - മരച്ചീനിയുടെ ഉല്പാദനത്തിൽ 2014-15 ൽ മുൻവർഷത്തേക്കാൾ 18 ശതമാനം വർദ്ധനവുണ്ടായി (ഉല്പാദനം 2013-14 ൽ 24.79 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2014-15 ൽ 29.44 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു.

- **വാഴ** – നേന്ത്രവാഴ യുടെ ഉല്പാദനത്തിൽ മുൻവർഷത്തേക്കാൾ 2014-15 ൽ 2.66 ശതമാനം വർദ്ധനവ് ഉണ്ടായി. ഇതര വാഴയിനങ്ങളുടെ ഉല്പാദനത്തിൽ മുൻവർഷത്തേക്കാൾ 29.23 ശതമാനവും ഉല്പാദനക്ഷമതയിൽ 24.1 ശതമാനം വർദ്ധനവും ഉണ്ടായി.

- **ഏലം** ഉല്പാദനത്തിൽ മുൻവർഷത്തേക്കാൾ 14.2 ശതമാനം വർദ്ധന.

- ഇ-പെയ്മെന്റ് സംവിധാനം വഴി 6.93 ലക്ഷം കർഷകർക്ക് സബ്സിഡി തുകയായി 329 കോടി രൂപ അവരുടെ അക്കൌണ്ടിലേക്ക് നേരിട്ട് കൈമാറി.

**കന്നുകാലി വികസനം**

- സംസ്ഥാനത്തെ കാർഷിക മേഖലയുടെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കന്നുകാലി വികസന മേഖലയുടെ പങ്ക് 27.62 ശതമാനം (2013-14 നേക്കാൾ 4.3 ശതമാനം വർദ്ധന)

- പാലുല്പാദനത്തിൽ മുൻ വർഷത്തേക്കാൾ 2.11 ശതമാനം വർദ്ധനവ് (2013-14 ൽ ഉല്പാദനം 26.55 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2014-15 ൽ 27.11 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു.

**മത്സ്യ വികസനം**

- ഉൾനാടൻ മത്സ്യ ഉല്പാദനം 2.02 ലക്ഷം ടൺ (മുൻവർഷത്തേക്കാൾ 8 ശതമാനം വർദ്ധന)

- മത്സ്യതൊഴിലാളികൾക്കായി 2600 പുതിയ വീടുകൾ നിർമ്മിച്ചു നൽകി. മുൻ വർഷം ആരംഭിച്ച 2861 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

- 1336 മത്സ്യത്തൊഴിലാളികൾക്ക് ശൌചാലയം നിർമ്മിക്കുന്നതിന് ധനസഹായം നൽകി.

- തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ വരുമാനം 2013-14 ൽ 0.44 ലക്ഷം രൂപ ആയിരുന്നത് 2014-15 ൽ 132.49 ലക്ഷം ആയി വർദ്ധിച്ചു.

- പോളച്ചിറ, പന്നിവേലിച്ചിറ, മലമ്പുഴ എന്നിവിടങ്ങളിലെ സർക്കാർ സീഡ് ഫാമുകളിൽ നിന്നും 147.40 ലക്ഷം ഗുണമേന്മയുള്ള മത്സ്യവിത്തുകൾ ഉല്പാദിപ്പിച്ചു. അഴീക്കോടുള്ള പ്രാദേശിക കൊഞ്ച് ഹാച്ചറിയിൽ 41.51 ലക്ഷം കൊഞ്ചു വിത്തുകൾ ഉല്പാദിപ്പിച്ചു.

| ക്രമ നമ്പർ | വിളകൾ | വിസ്തൃതി (ഹെക്ടറിൽ) | | ഉല്പാദനം (മെട്രിക് ടൺ) | | ഉല്പാദനക്ഷമത (കിലോഗ്രാം/ഹെക്ടർ) | |
|---|---|---|---|---|---|---|---|
| | | 2013-14 | 2014-15 | 2013-14 | 2014-15 | 2013-14 | 2014-15 |
| 1 | നെല്ല് | 199611 | 198159 | 564325 | 562092 | 2827 | 2837 |
| 2 | പയറുവർഗ്ഗങ്ങൾ ഉൾപ്പെടെ | 2989 | 3601 | 3019 | 3409 | 1010 | 947 |
| 3 | കുരുമുളക് | 84065 | 85431 | 29408 | 40690 | 350 | 476 |
| 4 | ഇഞ്ചി | 4538 | 4800 | 21521 | 22989 | 4742 | 4789 |
| 5 | മഞ്ഞൾ | 2430 | 2470 | 6253 | 6820 | 2573 | 2761 |
| 6 | ഏലം* | 39730 | 39730 | 14000 | 16000 | 352 | 403 |
| 7 | അടയ്ക്ക | 100008 | 96686 | 100018 | 125925 | 1000 | 1302 |
| 8 | നേന്ത്രവാഴ | 62261 | 61936 | 531299 | 545431 | 8533 | 8806 |
| 9 | ഇതര വാഴയിനങ്ങൾ | 54512 | 56761 | 362395 | 468320 | 6648 | 8251 |
| 10 | കശുവണ്ടി | 49105 | 45436 | 33375 | 29715 | 680 | 654 |
| 11 | മരച്ചീനി | 67589 | 75496 | 2479070 | 2943919 | 36679 | 38994 |
| 12 | നാളികേരം | 808647 | 793856 | 5921 | 5947 | 7322 | 7491 |
| 13 | കാപ്പി | 85359 | 85359 | 66645 | 67700 | 781 | 793 |
| 14 | തേയില | 30205 | 30205 | 62938 | 65174 | 2084 | 2158 |
| 15 | റബ്ബർ | 548225 | 549955 | 648220 | 507700 | 1182 | 923 |

**ഭക്ഷ്യസുരക്ഷ**

- കേരളത്തിലെ റേഷൻകാർഡ് ഉടമകളുടെ എണ്ണം 2013-14-ൽ 82.73 ലക്ഷം ആയിരുന്നത് 2014-15-ൽ 83.13 ലക്ഷമായി. അതിൽ ബി.പി.എൽ. കാർഡുകൾ 14.81 ലക്ഷത്തിൽനിന്ന് 14.78 ലക്ഷമായി.

- അന്ത്യോദയ അന്നയോജന പദ്ധതിയിൽ 2014-15-ൽ 250260 മെട്രിക് ടൺ അരി അനുവദിച്ചിട്ടുണ്ട്.

- 2014-15-ൽ ബി.പി.എൽ വിഭാഗത്തിന് 89416 ടൺ ഗോതമ്പും 419650 ടൺ അരിയും വിതരണം ചെയ്യുകയും, എ.പി.എൽ. വിഭാഗത്തിന് 89559 ടൺ ഗോതമ്പും 665329 ടൺ അരിയും വിതരണം ചെയ്യുകയും ചെയ്തു.
- ഉച്ചഭക്ഷണ പരിപാടിയിൽ 2014-15 വർഷത്തിൽ 25.35 ലക്ഷം കുട്ടികൾ ഗുണഭോക്താക്കളാകുകയും, 476527.79 ടൺ അരിയും 125995.03 ടൺ സ്പെഷ്യൽ അരിയും വിതരണം ചെയ്യുകയും ചെയ്തു.

**ഗ്രാമ വികസനം**

- 2014-15ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ. ജി.എസ്) പ്രകാരം 1617.99 കോടി രൂപ ചിലവഴിക്കുകയും 5.88 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.
- ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം 51261 വീടുകൾക്ക് അനുമതി നൽകുകയുണ്ടായി. മുൻവർഷത്തെ സ്പിൽഓവർ ഉൾപ്പെടെ 50264 പുതിയ വീടുകളും 281 വീടുകൾ മെച്ചപ്പെടുത്തലും കൂടി, 50545 വീടുകൾ പൂർത്തീകരിച്ചു. ഇതിൽ 18797 എണ്ണം പട്ടികജാതി വിഭാഗത്തിനും 3668 എണ്ണം പട്ടികവർഗ്ഗ വിഭാഗത്തിനും 12779എണ്ണം ന്യൂനപക്ഷക്കാർക്കും 15301 എണ്ണം മറ്റു വിഭാഗക്കാർക്കുമാണ്.
- 2014-15ൽ 190.59 കോടി രൂപ (ഓപ്പണിംഗ് ബാലൻസ് ഉൾപ്പെടെ) ചെലവഴിച്ച് 118 റോഡുകൾ (345.75 കി.മി.) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതിക്ക് കീഴിൽ പൂർത്തിയാക്കിയിട്ടുണ്ട്.
- 2014-15ൽ 72.27 കോടി രൂപ സമഗ്ര നീർത്തട പരിപാലന പരിപാടി (ഐ.ഡബ്ല്യൂ.എം.പി.)ക്കായി ചെലവഴിച്ചു.
- സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (നിർമ്മൽ ഭാരത് അഭിയാൻ) പ്രകാരം 2015 മാർച്ച് 31 വരെ 1108225 വ്യക്തിഗത കക്കൂസ് നിർമ്മിച്ചു നൽകി. ഇതിൽ ദാരിദ്ര്യ രേഖക്ക് മുകളിലുള്ള കുടുംബങ്ങൾക്കായി 144323 ശൌചാലയങ്ങളും 1184 സാമൂഹ്യ ശുചീകരണ ശൌചാലയങ്ങളും 49389 വിദ്യാലയ ശൌചാലയങ്ങളും 5154 അംഗൻവാടി ശൌചാലയങ്ങളും 91 ഗ്രാമീണ ശുചീകരണ കേന്ദ്രങ്ങളും ഉൽപ്പാദന കേന്ദ്രങ്ങളും ഉൾപ്പെടുന്നു.
- കുടുംബശ്രീയിലൂടെ 2014-15ൽ 422.14 ലക്ഷം രൂപ മാച്ചിംഗ് ഗ്രാന്റായും 455.49 ലക്ഷം രൂപ പലിശ സബ്സിഡിയായി നൽകുകയും ലിങ്കേജ് ബാങ്ക് പദ്ധതിയിലൂടെ 52397 അയൽക്കൂട്ടങ്ങൾക്ക് 1280 കോടി രൂപയുടെ ലോൺ പ്രയോജനപ്പെടുത്തുകയും ചെയ്തു.

**വ്യവസായം**

- കേരളത്തിലെ മാനുഫാക്ച്ചറിംഗ് സെക്ടർ 2014-15 ൽ സ്ഥിരവിലയിൽ 8.92 ശതമാനം വളർച്ച രേഖപ്പെടുത്തി (ഇന്ത്യ 7.1 ശതമാനം).
- കേരളത്തിലെ ഖനന ക്വാറി മേഖലയുടെ വളർച്ചാ നിരക്ക് സ്ഥിര വിലയിൽ 2014-15 ൽ 21.85 ശതമാനമായിരുന്നു (ഇന്ത്യ 3.6 ശതമാനം).
- ഇന്ത്യയിലെ കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളിൽ നടത്തിയ യഥാർത്ഥ മൊത്തം നിക്ഷേപത്തിൽ നിന്ന് കേരളത്തിന് ലഭിച്ച വിഹിതം 2012-13 ലെ 2.02 ശതമാനത്തിൽ നിന്നും 2013-14 ൽ 1.93 ശതമാനമായി കുറഞ്ഞിട്ടുണ്ട് (പബ്ലിക്ക് എന്റർപ്രൈസസ് സർവ്വേ 2013-14).

- 2014-15 സാമ്പത്തിക വർഷത്തിൽ 11 പദ്ധതികൾക്കായി കെ.എസ്.ഐ. ഡി. സി 232.57 കോടി രൂപ മൂലധന നിക്ഷേപത്തിനും 108.76 കോടി രൂപ വായ്പാ സഹായത്തിനും അംഗീകാരം നൽകിയിട്ടുണ്ട്.

- യുവ തലമുറയെ തൊഴിൽ തേടുന്നവരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ അവരിലെ സംരംഭകത്വത്തെ വികസിപ്പിക്കുന്നതിന് ആരംഭിച്ച പ്രത്യേക സാമ്പത്തിക സഹായ പദ്ധതിയനുസരിച്ച് (ഏയ്ഞ്ചൽഫണ്ട്/സീഡ് ഫണ്ട്) 2015 മാർച്ച് 31 വരെ, 14 സംരംഭങ്ങൾക്കായി 1.35 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

- 2015 സെപ്റ്റംബറിലെ കണക്കു പ്രകാരം കിൻഫ്രയിലെ വിവിധ വ്യവസായ പാർക്കുകളിലുമായി ഇതുവരെ 637 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും 1486.50 കോടി രൂപ ആകെ നിക്ഷേപം നടത്തുകയും 25754 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ.)**

- കേരളത്തിൽ 2014-15 വർഷത്തിൽ 15455 എം.എസ്.എം.ഇ. യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വളർച്ചാ നിരക്ക് 3.05 ശതമാനം. ഇതിൽ 3737 എണ്ണം വനിതാ സംരംഭങ്ങൾ (24%)

- 2014-15 ൽ 238794.75 ലക്ഷം രൂപയുടെ നിക്ഷേപവും. 83500 തൊഴിലവസരങ്ങളും, 711975.39 ലക്ഷം രൂപയുടെ സാധന സേവനങ്ങളുടെ ഉത്പാദനവും ഈ മേഖല കൈവരിച്ചു.

- 15468 പുതിയ തൊഴിലവസരങ്ങളുമായി എറണാകുളം ജില്ല മുന്നിൽ.

- 2014-15 ൽ രജിസ്റ്റർ ചെയ്ത 15455 യൂണിറ്റുകളിൽ ഏറ്റവും കൂടുതൽ ഐ.റ്റിയും, ഐ.റ്റി അധിഷ്ഠിത യൂണിറ്റുകളുമാണ് (5546 എണ്ണം).

- 2014-15 വർഷത്തിൽ സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്) പ്രകാരം 785 യൂണിറ്റുകൾക്ക്/സംരംഭകർക്ക് 29.98 കോടി രൂപയുടെ സഹായം നൽകി. 120 പേർക്ക് സഹായം നൽകികൊണ്ട് തിരുവനന്തപുരം ജില്ല മുന്നിൽ നിൽക്കുന്നു.

- വൈദഗ്ധ്യ വികസന പരിപാടിയിൽ 20,000 സംരംഭകർക്കായി 420 സംരംഭകത്വ അവബോധ പരിപാടി സംഘടിപ്പിച്ചു.

- .പ്രധാന മന്ത്രിയുടെ തൊഴിൽദാന പരിപാടി (പി.എം.ഇ.ജി.പി) പ്രകാരം 678 പുതിയ സംരംഭങ്ങൾ തുടങ്ങുവാൻ സഹായം നൽകി. (സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ - 3942)

- കേരളത്തിൽ 2014-15 ൽ, 2015 ഭക്ഷ്യ സംരക്ഷണ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തു.

- ഇന്ത്യയിലെ ഭക്ഷ്യ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ 15 മുതൽ 20 ശതമാനം വരെ കേരളത്തിൽ നിന്നാണ്.

**കൈത്തറി മേഖല**

- 2014-15 സാമ്പത്തിക വർഷം കൈത്തറി മേഖലയിലെ തുണി ഉത്പാദനത്തിൽ 18.27 ശതമാനം വർദ്ധനവ് ഉണ്ടായി.

- പ്രസ്തുത വർഷം മേഖലയ്ക്ക് അനുവദിച്ച 4691.5 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചു.

- കൂടാതെ 39.69 മില്യൺ മീറ്റർ തുണി ഉത്പാദിപ്പിക്കുകയും 66.37 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

**ഖാദി വ്യവസായം**

- ഖാദി ഗ്രാമ വ്യവസായ മേഖലയിൽ 659.51 കോടി രൂപ വിലമതിക്കുന്ന തുണിത്തരങ്ങൾ ഉത്പാദിപ്പിക്കുകയും 737.54 കോടി രൂപയുടെ വിറ്റ് വരവ് കൈവരിക്കുകയും ചെയ്തു. തദ്വാരാ 2.519 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചു. ഇതിൽ 523.16 കോടി രൂപ മൂല്യം മതിക്കുന്ന തുണിത്തരങ്ങളുടെ ഉത്പാദനവും 567.51 കോടി രൂപയുടെ വിറ്റ് വരവും ഖാദി എയ്ഡഡ് യൂണിറ്റുകളിലൂടെ കൈവരിച്ചവയാണ്.

- തിരുവനന്തപുരത്ത് ഒരു റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് സ്ഥാപിച്ചതും പത്തനംതിട്ട ജില്ലയിലെ എലന്തൂരിൽ ഒരു യന്ത്രവൽകൃത പേപ്പർ യൂണിറ്റ് സ്ഥാപിച്ചതും പ്രധാന നേട്ടമാണ്.

**കയർ വ്യവസായം**

- കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്, കയർഫെഡ് എന്നീ പൊതു മേഖലാ സ്ഥപാനങ്ങൾ 644.5 ലക്ഷം രൂപയുടെ കയറും കയറുല്പന്നങ്ങളും 2014-15 വർഷം കയറ്റുമതി ചെയ്തു.

- കയർ പിരിക്കൽ, മാറ്റ് നിർമ്മാണം, തൊണ്ട് ശേഖരണം, നാരുല്പാദനം, ചെറുകിട ഉല്പാദനം, വിപണനം എന്നീ രംഗങ്ങളിൽ 191 പുതിയ കയർ സഹകരണ സംഘങ്ങൾ 2014-15 വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

- കയർ മേഖലയിൽ 2015 മാർച്ച് മാസത്തെ കണക്ക് പ്രകാരം ആകെ 727 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

**തൊഴിലും തൊഴിലാളി ക്ഷേമവും**

- കേരളത്തിലെ തൊഴിൽസേന പങ്കാളിത്തം (Labour Force Participation) 49.7 ശതമാനവും എന്നാൽ ദേശീയ തലത്തിൽ ഇത് 52.25 ശതമാനവുമാണ്. കേരളത്തിലെ ഗ്രാമീണ മേഖലയിൽ തൊഴിൽ സേന പങ്കാളിത്തം 50.6 ശതമാനമാണ്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ തൊഴിൽ സേന പങ്കാളിത്തം ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് തെലുങ്കാനയും ആന്ധ്രാപ്രദേശുമാണ്. ഇവയുടെ ശരാശരി തൊഴിൽ സേന പങ്കാളിത്തം 66.3ശതമാനവും 64.5 ശതമാനവുമാണ്.

- കേരളത്തിലെ തൊഴിൽ പങ്കാളിത്തം (Worker Population Rate) 43.8 ശതമാനമാണ്. എന്നാൽ ദേശീയ ശരാശരി 49.9 ശതമാനവുമാണ്. ഈ കുറവ് ഗ്രാമീണ മേഖലയിലെ തൊഴിൽ പങ്കാളിത്തത്തിന്റെ കുറവു കൊണ്ടാണ്.

- കേരളത്തിലെ ഗ്രാമീണമേഖലയിൽ പുരുഷന്മാർക്ക് കാർഷിക ജോലികൾക്ക് ശരാശരി 590രൂപാ ദിവസക്കൂലി ലഭിക്കുന്നു. ഈ വിഭാഗത്തിൽപെട്ട തൊഴിലാളികൾക്ക് ലഭിക്കുന്ന ദേശീയ ശരാശരി കൂലി 232 രൂപയാണ്. കേരളത്തിലെ കൂലി നിരക്ക് ദേശീയ ശരാശരിയെക്കാൾ 150ശതമാനത്തിന് മുകളിലാണ്.

- കാർഷിക തൊഴിലാളികളുടേതു പോലെ തന്നെ കാർഷികേതിര ജോലികൾക്കുള്ള കൂലി നിരക്കും കേരളത്തിൽ, രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഉള്ളതിനെക്കാൾ കൂടുതലാണ്. ദേശീയ ശരാശരി കൂലിയിലെ 358രൂപായേക്കാൾ 102ശതമാനം അധികമായി 726രൂപയാണ്

മരപ്പണിക്കാർക്ക് കേരളത്തിലുള്ള കൂലി നിരക്ക്. അതുപോലെ തന്നെ കേരളത്തിൽ മരപ്പണിക്കാർക്ക് ശരാശരി 737 രൂപ ദിവസക്കൂലി ലഭിക്കുന്നു. ഇത് ദേശീയ ശരാശരിയായ 395 രൂപയെക്കാൾ 86 ശതമാനം അധികമാണ്.

- കേരളത്തിലെ ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ കാർഷിക കൂലി നിരക്ക് 410 രൂപയാണ്. ഈ വിഭാഗത്തിൽപെട്ട സ്ത്രീകൾക്ക് ദേശീയ ശരാശരി നിരക്ക് 177 രൂപയാണ്. വിതയ്ക്കുകയും, വിളവെടുക്കുകയും ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് കേരളത്തിൽ യഥാക്രമം 452 രൂപയും, 403 രൂപയും വീതം ലഭിക്കുന്നു. ഇത് ദേശീയ ശരാശരിയെക്കാൾ യഥാക്രമം 130% വും, 95%വും അധികമാണ്.
- കേരളത്തിലെ കാർഷിക മേഖലയിലെ കൂലി നിരക്ക് രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണെങ്കിലും ആൺ-പെൺ കൂലി നിരക്കിലുള്ള വ്യത്യാസം വളരെ ശ്രദ്ധേയമാണ്. വിളവെടുക്കുന്നതിനും, മെതിക്കുന്നതിനും, അടിച്ചു പെറുക്കുന്നതിനു (പാറ്റുന്നതിനും)മുള്ള, ഗ്രാമീണ മേഖലയിലെ ആൺ-പെൺ കൂലി നിരക്കിലുള്ള വിടവ് 33ശതമാനമാണ്. അതായത് പുരുഷന്മാരുടെ കൂലിയുടെ 67ശതമാനം മാത്രമേ സ്ത്രീകൾക്ക് ലഭിക്കുന്നുള്ളൂ.
- കേരളത്തിൽ വർഷങ്ങളായി നീണ്ടു നിന്നിരുന്ന ഒരു പ്രതിഭാസമായ തൊഴിൽ മേഖലയിലെ സമരോത്സുകത താരതമ്യേന കുറഞ്ഞു വരികയാണ്. സമരം മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ 2013 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2.68 ലക്ഷത്തിൽ നിന്ന് 2014-ൽ 76.6 ആയിരമായി കുറഞ്ഞു. അതുപോലെ ലോക്ക് ഔട്ട് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ 2010 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 7.41 ലക്ഷത്തിൽ നിന്ന് 2014-ൽ 2.91 ലക്ഷമായി കുറഞ്ഞു.
- 2005-06-ൽ വ്യവസായ ശാലകളുടെ എണ്ണം 17486 ആയിരുന്നു. അത് 2014-15-ൽ 21,764 ആയി വർദ്ധിച്ചിട്ടുണ്ട്. തത്ഫലമായി തൊഴിലാളികളുടെ തൊഴിൽ ലഭ്യത (ശരാശരി ദിവസ തൊഴിൽ) 2005-06-ൽ 4.45 ലക്ഷത്തിൽ നിന്നും 6.46 ലക്ഷമായി 2014-15-ൽ വർദ്ധിച്ചിട്ടുണ്ട്.

**തൊഴിൽ**

- കേരളത്തിലെ തൊഴിലില്ലായ്മാനിരക്ക് — 7.4%
- യുവജനങ്ങളിലെ തൊഴിലില്ലായ്മാനിരക്ക് — 18%
- സ്ത്രീകളിലെ തൊഴിലില്ലായ്മാനിരക്ക് — 28.9%
- പുരുഷന്മാരിലെ തൊഴിലില്ലായ്മാനിരക്ക് — 8.4%
- എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ രജിസ്റ്റർചെയ്ത തൊഴിലന്വേഷകർ — 36.57 ലക്ഷം
- ഏറ്റവും കൂടുതൽപേർ രജിസ്റ്റർചെയ്ത ജില്ല -തിരുവനന്തപുരം — 5.9 ലക്ഷം
- രണ്ടാം സ്ഥാനം കോഴിക്കോട് — 3.9 ലക്ഷം
- ഏറ്റവും കുറവ് വയനാട് — .92 ലക്ഷം

- 37.37 കോടിരൂപ 1.96 ലക്ഷം പേർക്ക് തൊഴിലില്ലായ്മാ വേതനമായി നല്കി.

- 5855 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് വഴി നടന്നു.
- തൊഴിൽവകുപ്പുമായിച്ചേർന്ന് നിയുക്തി -2015 എന്ന പേരിൽ സർക്കാർ തൊഴിൽമേള സംസ്ഥാനത്തിലെ അഞ്ച് കേന്ദ്രങ്ങളിൽവച്ച് നടത്തി. 42821 പേർ പങ്കെടുത്ത മേളയിൽ 17875 പേർക്ക് നിയമനം ലഭിച്ചു.
- തൊഴിൽ സൃഷ്ടിക്കായുള്ള സമഗ്രമിഷ (മെഗ)ന് നടപ്പ് സാമ്പത്തികവർഷം 25.00 കോടി രൂപ വകയിരുത്തി.

**വിദ്യാഭ്യാസം**

- വിദ്യാർത്ഥികളുടെ പ്രവേശനം 2014-15-ൽ 37.9 ലക്ഷത്തിൽ നിന്ന് 2015-16 (പ്രൊവിഷണൽ)-ൽ 37.7 ലക്ഷമായി കുറഞ്ഞു. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 0.5 % കുറവാണ്.
- 2015-16-ൽ സംസ്ഥാനത്ത് ആകെ സ്കൂൾ പ്രവേശനം നേടിയ കുട്ടികളിൽ 2.7ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്.
- ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോകൽ ഏറ്റവും കുറവ് കേരളത്തിലാണ്. കേരളത്തിൽ സ്കൂൾ കൊഴിഞ്ഞുപോകൽ നിരക്ക് 0.27 ശതമാനം മാത്രം.
- കേരളത്തിൽ 5573 അൺഇക്കണോമിക് സ്കൂളുകളുണ്ട്. ഇത് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 161 എണ്ണം കൂടുതലാണ്.
- പൊതുവിദ്യാലയങ്ങളിൽ ഗുണനിലവാരമുള്ള സമഗ്ര വിദ്യാഭ്യാസം നൽകുന്നതിന് ഒരു തുടക്കമെന്ന നിലയിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ 115 സ്കൂളുകളിൽ ' എന്റെ സ്കൂൾ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.
- സംസ്ഥാന ആസൂത്രണ ബോർഡിന്റെ ശുപാർശ അനുസരിച്ച് സംസ്ഥാനത്തെ നാല് സർവ്വകലാശാലകളിലുള്ള നാല് കോളേജുകളിൽ ഓണേഴ്സ് ബിരുദ കോഴ്സുകൾ ആരംഭിച്ചു. സംസ്ഥാന ഗവൺമെന്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ്, സാമ്പത്തിക ശാസ്ത്രം, കോമേഴ്സ്, ഗണിതശാസ്ത്രം എന്നീ വിഷയങ്ങളിലാണ് ഓണേഴ്സ് ബിരുദ പഠന കോഴ്സുകൾ ആരംഭിച്ചത്.
- കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ എടുത്തുപറയത്തക്ക നേട്ടമാണ് പാലക്കാട് ജില്ലയിൽ സ്ഥാപിച്ച ഐ.ഐ.റ്റി.
- ആർട്സ് & സയൻസ് കോളേജുകളിൽ ഡിഗ്രിക്ക് പ്രവേശനം നേടിയവരിൽ 68.66 ശതമാനവും പെൺകുട്ടികളാണ്. എന്നാൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ പെൺകുട്ടികളുടെ ശതമാനം 36.86 മാത്രമാണ്.
- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെയും, മറ്റു സ്ഥാപനങ്ങളിലെയും ഡിജിറ്റൽ ഇൻഫർമേഷൻ അസറ്റുകൾ സൃഷ്ടിക്കുന്നതിനും ശരിയായി ചിട്ടപ്പെടുത്തുന്നതിനും, ശേഖരണത്തിനും, രൂപീകരണത്തിനും പുതിയത് സൃഷ്ടിക്കുന്നതിനും സഹായിക്കുന്ന കെ-ബെയ്സ് നോളജ്/ലേണിംഗ് മാനേജ്മെന്റ് സംവിധാനം ആരംഭിച്ചു.
- സംസ്ഥാനത്തെ ആകെ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം 164, ഇതിൽ 152 എണ്ണം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, അൺഎയ്ഡഡ് സ്വാശ്രയ കോളേജുകളിലെ സീറ്റുകളുടെ എണ്ണം 53194.

**വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും**

- കേരളത്തിലെ ജനനനിരക്ക് 14.70 -ഉം ദേശീയ ശരാശരി 21.40 -ഉം മരണ നിരക്ക് കേരളത്തിൽ 6.90 -ഉം ദേശീയ ശരാശരി 7-ഉം ആണ്.
- സംസ്ഥാനത്തെ ശിശുമരണ നിരക്ക് 12-ഉം ദേശീയ ശരാശരി 40-ഉം ആണ്.
- സംസ്ഥാനത്തെ മാതൃ മരണ നിരക്ക് 66-ഉം ദേശീയ ശരാശരി 178-മാണ്.
- കേരളത്തിന്റെ പ്രതീക്ഷിത ആയുർദൈർഘ്യം പുരുഷന്മാരിൽ 71 .40 ഉം സ്ത്രീകളിൽ 76.30 മാണ്. എന്നാൽ ദേശീയ ശരാശരി യഥാക്രമം 62.60 ഉം 64.20 മാണ്.
- കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും തുക നീക്കി വക്കുന്ന ഒരു പ്രധാന മേഖലയാണ് ആരോഗ്യം. അടുത്ത കാലത്തായി സർക്കാരിന്റെ ആരോഗ്യ സംരക്ഷണ ചിലവ് നിരന്തരമായി വർദ്ധിക്കുന്നതായി കാണുന്നു. പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം 47,000 ലക്ഷം രൂപയാണ് ആരോഗ്യമേഖലയ്ക്കായി നീക്കിവച്ചിരുന്നത്. ഇതിൽ 82% ചെലവഴിച്ചു. പന്ത്രണ്ടാം പദ്ധതിയുടെ രണ്ടാം വർഷത്തിൽ (2013-14) 54,100 ലക്ഷം രൂപ, ആരോഗ്യമേഖലയ്ക്കായി മാറ്റി വച്ചതിൽ 94.72% ചെലവഴിച്ചു. 2013-14-ലെ ബഡ്ജറ്റ് വിഹിതത്തിൽ 2012-13 - ലെ വിഹിതത്തിനുമേൽ 15% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മൂന്നാം വർഷത്തിൽ (2014-15) 62940 ലക്ഷം രൂപ അനുവദിച്ചതിൽ 87.76% ചിലവഴിച്ചു.
- 1281 ആരോഗ്യസേവന സ്ഥാപനങ്ങളിൽ 852 എണ്ണം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, 230 എണ്ണം സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും, 79 എണ്ണം താലൂക്ക് ആസ്ഥാന ആശുപത്രികളും, 16 എണ്ണം ജില്ലാ ആശുപത്രികളും, 18 എണ്ണം ജനറൽ ആശുപത്രികളും, 3 മാനസികാരോഗ്യ ആശുപത്രികൾ, 8 സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ, 3 കുഷ്ഠരോഗാശുപത്രികൾ, 17 ടി.ബി. ക്ലിനിക്കുകൾ, 2 ടി.ബി. ആശുപത്രികൾ, 4 മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ, 49 മറ്റ് ആശുപത്രികളുമാണ്.
- സാമൂഹ്യരോഗ്യ കേന്ദ്രതലംവരെ എല്ലാ ആരോഗ്യ പരിപാലന കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിനാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകിയത് കൂടാതെ സ്ഥാപനങ്ങളുടെ നടത്തിപ്പ് ആധുനികവല്ക്കരിക്കുന്ന നടപടി പുരോഗതിയിലാണ്.
- കേരളത്തിലെ ബെഡ് പോപ്പുലേഷൻ അനുപാതം 873 ആണ്. സംസ്ഥാനത്തിന്റെ ശരാശരി ഡോക്ടർ ബെഡ് അനുപാതം 7.56 ആണ്.
- തിരുവനന്തപുരം (2), ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി, ഇടുക്കി, എറണാകുളം, കോന്നി, കൊല്ലം, തൃശ്ശൂർ എന്നിവിടങ്ങളിലുള്ള 11 മെഡിക്കൽ കോളേജുകളിലൂടെയാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തിവരുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, എറണാകുളം , തൃശ്ശൂർ ജില്ലകളിൽ നഴ്സിംഗ് വിദ്യാഭ്യാസം നല്കുന്നതിനായി 6 നഴ്സിംഗ്കോളേജുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ 5 ദന്തൽ കോളേജുകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്.
- ഐ.എസ്.എം.ന്റെ കീഴിൽ ഇപ്പോൾ 127 ആശുപത്രികളും 815 ഡിസ്പെൻസറികളുമുണ്ട്.
- തിരുവനന്തപുരം, തൃപ്പൂണിത്തുറ (എറണാകുളം), കണ്ണൂർ ജില്ലകളിലായി 1355 കിടക്കകളുള്ള മൂന്നു സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജുകളുണ്ട്. 2015 സെപ്റ്റംബർ വരെ 10564 ഇന്‌പേഷ്യന്റിനും, 460756 ഔട്ട്പേഷ്യന്റിനും ചികിത്സ നല്കുകയുണ്ടായി. തിരുവനന്തപുരത്ത് ആയുർവ്വേദ മെഡിക്കൽ കോളേജിന്റെ കീഴിൽ പഞ്ച ആശുപത്രിയും, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുമുണ്ട്. കൂടാതെ രണ്ട് എയ്ഡഡ് കോളേജുകളും 11 സ്വാശ്രയ

സിദ്ധ കോളേജുകളും ഈ മേഖലയിലുണ്ട്. ബിരുദ കോഴ്സുകൾക്ക് 800 സീറ്റുകളും ബിരുദാനന്തര കോഴ്സുകൾക്ക് 131 സീറ്റുകളുമാണ് ആകെയുള്ളത്.

- സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 660 ഡിസ്പെന്സറികളും 975 കിടക്കകളുമുള്ള 33 ആശുപത്രികളുമുണ്ട്.

**ജനസംഖ്യ**

ജനസംഖ്യയിൽ 60 അതിനുമുകളിലും പ്രായമുള്ളവർ മൊത്തം ജനസംഖ്യയിൽ 13 ശതമാനമായി ഉയർന്നിരിക്കുന്നതുമൂലം സർക്കാർ ഈ വിഭാഗത്തിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായി വരും.

**സാമൂഹ്യ സുരക്ഷയും ക്ഷേമവും**

**മുതിർന്ന പൌരന്മാരുടെ ക്ഷേമം**

- കേരളത്തിലെ മൊത്തം ജനസംഖ്യയിൽ മുതിർന്നവരുടെ (60+) അനുപാതം 12.6 ശതമാനവും ദേശീയ ശരാശരി 8 ശതമാനവുമാണ്. സംസ്ഥാനത്ത് മുതർന്നവരുടെ ജനസംഖ്യാപരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്ന വെല്ലുവിളികൾ സമൂഹത്തിനും സർക്കാരിനും ഒരു ബാധ്യതയായിരിക്കും.

- വയോജന സൌഹൃദ പഞ്ചായത്തുകൾ നടപ്പാക്കാൻ വയോജന നയം, 2013 വിഭാവന ചെയ്തിരുന്നു. തുടക്കമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യ വയോജന സൌഹൃദ പഞ്ചായത്തായി മാറ്റി എടുക്കാനുള്ള നടപടികൾ തുടർന്നു വരുന്നു.

- പാലിയേറ്റീവ് കെയർ ആവശ്യമായ എല്ലാവർക്കും വൈദ്യ പരിരക്ഷയും സഹായവും നൽകുന്ന ആരോഗ്യ കേരളം മാതൃകാ പദ്ധതി മാസംതോറും 48339 ഗുണ ഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നു.

- 65 വയസ്സിന് മുകളിലുള്ളവർക്ക് സൌജന്യമായി മരുന്ന്, പാലിയേറ്റീവ് ഹോംകെയർ, ഹെൽപ്പ് ഡെസ്ക് എന്നീ സൌകര്യങ്ങൾ നൽകുന്ന കേരളാ സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കുന്ന വയോമിത്രം പരിപാടി 2014 -15 കാലയളവിൽ ഏതാണ്ട് 1.28 ലക്ഷം പേർക്ക് പ്രയോജനപ്പെട്ടു. ഈ പരിപാടി കേരളത്തിൽ 5 കോർപ്പറേഷനുകളിലും 29 മുനിസിപ്പാലിറ്റികളിലും നടപ്പാക്കുന്നു.

**അംഗപരിമിതരുടെ ക്ഷേമം**

- 2011 സെൻസസ് അനുസരിച്ച് രാജ്യത്ത് മൊത്തം ജനസംഖ്യയുടെ 2.21 ശതമാനം ആൾക്കാർ ഏതെങ്കിലും തരത്തിലുള്ള വൈകല്യമുള്ളവരാണ്. കേരളത്തിൽ ഇവർ മൊത്തം ജനസംഖ്യയുടെ 2.28 ശതമാനമാണ്. സംസ്ഥാനത്തെ ഗ്രാമീണ ജനസംഖ്യയിൽ വൈകല്യമുള്ളവർ 2.37 ശതമാനവും നഗര ജനസംഖ്യയിൽ ഇവർ 2.18 ശതമാനവുമാണ്.

- അംഗപരിമിതർക്കായുള്ള കേരള സംസ്ഥാന നയം, 2015 സർക്കാർ പ്രഖ്യാപിച്ചു. അംഗപരിമിതരുടെ ശാക്തീകരണം, വികസന പ്രക്രിയയിൽ അംഗപരിമിതരുടെ പങ്കാളിത്തം, അവരുടെ അവകാശ സംരക്ഷണം, ഉയർന്ന വ്യക്തി സ്വാതന്ത്ര്യം, എന്നിവയാണ് ഈ നയത്തിന്റെ വിശാലമായ ലക്ഷ്യങ്ങൾ.

- സംസ്ഥാനത്ത് ആരംഭിച്ച അംഗപരിമിത സർവ്വേയുടെ ഒന്നും രണ്ടും ഘട്ട വിവരശേഖരണം പൂർത്തീകരിച്ചു. സർവ്വേ റിപ്പോർട്ട് 2016 മദ്ധ്യത്തോടുകൂടി പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- സർക്കാർ പ്രത്യേകം താല്പര്യം കൊടുത്ത് നടപ്പാക്കുന്ന സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് പ്രോഗ്രാം അനുസരിച്ച് നവജാത ശിശുക്കൾക്കുള്ള എം.എം.ആർ പ്രതിരോധ കുത്തിവയ്പ്പം നവജാത ശിശുക്കളിൽ കേൾവിശക്തി പരിശോധിക്കാനുള്ള സംവിധാനവും അമ്മമാരുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രികളിൽ ആരംഭിച്ചു. സർക്കാർ/സർക്കാർ അംഗീകൃത സ്കൂളുകളിലെ ഏകദേശം 5 ലക്ഷം കൌമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റൂബല്ലാ പ്രതിരോധ കുത്തിവയ്പ്പ് നല്കി.

- സംസ്ഥാനത്ത് ശ്രവണവൈകല്യമുള്ളവരെ പുനരധിവസിപ്പിക്കാൻ വേണ്ടി തുടങ്ങിയ നിഷിനെ 2015-16 യൂണിയൻ ബഡ്ജറ്റിൽ ഒരു ദേശീയ യൂണിവേഴ്സിറ്റിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

**കുട്ടികളുടെ ക്ഷേമം**

- കേരളത്തിൽ പൂജ്യത്തിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ ജനസംഖ്യ കുറഞ്ഞ് വരുന്നു. 2011 സെൻസസ് പ്രകാരം ഇവർ കേരളത്തിന്റെ മൊത്തം ജനസംഖ്യയുടെ 10 ശതമാനം മാത്രമാണ്. 2001 സെൻസസുമായി തട്ടിച്ച് നോക്കുമ്പോൾ കുട്ടികളുടെ ജനസംഖ്യ നിരക്ക് (-16.46) ശതമാനമായി കുറഞ്ഞു. ഈ കുറവ് എല്ലാ ജില്ലകളിലും പ്രകടമാണ്.

- കേരളത്തിൽ കുട്ടികൾക്ക് എതിരെയുള്ള കുറ്റകൃത്യങ്ങളുടെ തോത് ഉയർന്ന് വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തിറക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ 2009- ൽ നിന്ന് 2014-ൽ 288 ശതമാനമായി ഉയർന്നു.

- 2015, മാർച്ച് വരെ സംസ്ഥാനത്ത് 258 ഐ.സി.ഡി.എസ് കേന്ദ്രങ്ങളും, 33114 അംഗൻവാടികളും പ്രവർത്തിച്ചിരുന്നു. ഈ ശൃംഖലയിലൂടെ നടപ്പാക്കുന്ന പൂരകപോഷകാഹാര പരിപാടി 10.14 ലക്ഷം പേർക്കും, പ്രീ-സ്കൂൾ പരിപാടി 3 മുതൽ 6 വയസ്സുവരെയുള്ള 4.44ലക്ഷം കുട്ടികൾക്കും പ്രയോജനപ്പെട്ടു.

- ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏകദേശം 46 ശതമാനത്തോളം അംഗൻവാടികൾ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലോ താത്കാലിക കുരകളിലോ ആണ്. കുടിവെള്ള സൌകര്യമുള്ള അംഗൻവാടികൾ 43 ശതമാനവും ശിശു സൌഹൃദ മൂത്രപ്പുരയുള്ളത് 17 ശതമാനം മാത്രവുമാണ്.

- കേരളം കുറഞ്ഞ ശിശുമരണ നിരക്കിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നുവെങ്കിലും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷന്റെ 2013-ലെ റിപ്പോർട്ട് വെളിപ്പെടുത്തുന്നത് അട്ടപ്പാടി പ്രദേശത്തെ ശിശുമരണനിരക്ക് ആയിരം ജനനത്തിന് 66 ആണെന്നാണ്. കുട്ടികൾക്കായുള്ള സംസ്ഥാന കർമ്മ പദ്ധതി, 2014 വിഭാവനം ചെയ്തിരുന്നത് 2012- ഓടെ ശിശുമരണ നിരക്ക് 7-ൽ എത്തിക്കണമെന്നായിരുന്നു. എന്നാൽ ഈ നേട്ടം നാളിതുവരെ നേടാൻ കഴിഞ്ഞില്ല.

- ജില്ലാതല ആരോഗ്യ സർവ്വേ -4 പ്രകാരം സംസ്ഥാനത്ത് പൂജ്യത്തിനും അഞ്ചിനും ഇടയിൽ പ്രായമായ 21 ശതമാനം കുട്ടികളിൽ തൂക്ക കുറവും 6 മുതൽ 59 മാസം വരെ വരുന്ന 48.5 ശതമാനം കുട്ടികൾക്ക് വിളർച്ചാരോഗമുണ്ടെന്നും ചൂണ്ടിക്കാണിക്കുന്നു. 12 മുതൽ 23 മാസം പ്രായമായ 21 ശതമാനത്തോളം ശിശുക്കൾക്ക് ശുപാർശ ചെയ്യപ്പെട്ട എല്ലാ കുത്തിവയ്പ്കളും ലഭിക്കാതെ പോകുന്നു.

- പോഷകാഹാര കുറവ് ഉന്മൂലനം ചെയ്യുക, എല്ലാവർക്കും പോഷകാഹാരം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന്റെ പോഷകാഹാര നയം സർക്കാർ പ്രഖ്യാപിച്ചു.

- കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ കാര്യമായ നേട്ടം കൈവരിച്ച രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നായ കേരളത്തിൽ 2015 സെപ്തംബർ വരെ 946 ബാല പഞ്ചായത്തുകളും 66743 ബാലസഭകളും രൂപീകരിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങൾ 10.57 ലക്ഷം കുട്ടികളെ ഉൾക്കൊള്ളുന്നു.

**കുടിവെള്ളം**

- സംസ്ഥാനത്തെ 29.3 ശതമാനം വീടുകളിൽ മാത്രമേ പൈപ്പുവഴി കുടിവെള്ളം എത്തുന്നുള്ളൂ. കേരളത്തിലെ 62 ശതമാനം വീടുകളും കുടിവെള്ള സ്രോതസ്സായി ആശ്രയിക്കുന്നത് കിണറുകളെയാണ്.

- കേരളത്തിൽ 78 ശതമാനം വീട്ടുകാർക്ക് അവരുടെ പരിസരത്തുനിന്ന് കുടിവെള്ളം ലഭ്യമാകുന്നു. 14 ശതമാനം അടുത്തുള്ള പരിസരത്തും, 8 ശതമാനം ദൂരെ സ്ഥലത്തുനിന്നും കുടിവെള്ളം ശേഖരിക്കുന്നു.

- കേരളത്തിൽ കുടിവെള്ളത്തിന്റെ മാലിന്യത്തോത് മറ്റ് സംസ്ഥാനങ്ങളേക്കാൾ കൂടുതലാണ്. പരിശോധിച്ച ജലസ്രോതസ്സുകളിൽ 40.2%, ഇരുമ്പ്, ഫ്ലൂറൈഡ്, ലവണങ്ങൾ, നൈട്രേറ്റ് , ആർസനിക് എന്നീ രാസ പദാർദ്ഥങ്ങൾ മലത്തിൽ കണ്ടുവരുന്ന കോളിഫോം ബാക്ടീരിയ തുടങ്ങിയ മറ്റ് മാലിന്യങ്ങൾ എന്നിവയിൽ മലിനപ്പെട്ടിരിക്കുന്നതായി വ്യക്തമാക്കുന്നു. അശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനം, ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലെ ആസൂത്രിതമല്ലാത്ത ശൌചാലയ നിർമ്മാണം, വ്യവസായങ്ങളിൽ നിന്ന് മാലിന്യങ്ങൾ പുറം തള്ളുന്നത് എന്നിവയാണ് ഇതിനുള്ള പ്രധാനകാരണങ്ങൾ. കുടിവെള്ള സ്രോതസ്സുകളിൽ രാസമാലിന്യങ്ങളും ബാക്ടീരിയ മാലിന്യങ്ങളും ഉണ്ടായിരുന്ന മറ്റ് പല സംസ്ഥാനങ്ങളും മാലിന്യത്തോത് കുറയ്ക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേരളത്തിന്റെ പുരോഗതി മോശമാണ്.

**പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വികസനം ന്യൂനപക്ഷ ക്ഷേമം**

- പട്ടികജാതി പട്ടികവർഗ്ഗ സമഗ്ര വികസനത്തിനായി 2015-16 വർഷം യഥാക്രമം 1968.50 (9.84%) കോടി രൂപയും 604.50(3.02%) കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

- പട്ടികജാതി വികസനത്തിനായി വകയിരുത്തിയ 1968.50 കോടി രൂപയിൽ, 927.58 കോടി രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടായി മാറ്റി വെച്ചിട്ടുണ്ട്.

- പട്ടികവർഗ്ഗ വികസനത്തിനായി വകയിരുത്തിയ 604.50 കോടി രൂപയിൽ, 315.28 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന് മാറ്റി വെച്ചിട്ടുണ്ട്. ഇത് കൂടാതെ അധിക പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതമായി (എ.ടി.എസ്.പി. ഫണ്ട്) 150 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. ഒപ്പംതന്നെ 139.22 കോടി രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടായി മാറ്റി വെച്ചിട്ടുണ്ട്.

- പട്ടികജാതി വികസന വകുപ്പ് മുഖേന പട്ടികജാതിക്കാർക്കായി 2014-15ൽ 736 വീടുകൾ നിർമ്മിക്കുകയും 2015-16ൽ 5000 വീടുകൾക്കുള്ള തുക അനുവദിക്കുകയും ചെയ്തു.

- അർഹതയുള്ള പാവപ്പെട്ട ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിലേക്കായി 2014-15ൽ 100 കോടി രൂപ വകയിരുത്തുകയും, ഇതുകൊണ്ട്

3569 പേർക്ക് ഗുണഫലം ലഭിക്കുകയും ചെയ്തു. 2015-16ൽ ഈ പരിപാടിക്ക് 150 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്.

- 2014-15ൽ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 1.51 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് കൊടുത്തു. 46.10 കോടി രൂപ സ്റ്റൈപ്പന്റായും ലംസം ഗ്രാന്റായും വിതരണം ചെയ്തു. കൂടാതെ 144.47 കോടി രൂപ പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിലും നല്കി.

- 2014-15ൽ പട്ടികജാതി വികസന വകുപ്പ് നടത്തി വരുന്ന ആരോഗ്യ പദ്ധതി പ്രകാരം 28.30 കോടി രൂപ ചെലവഴിക്കുകയും 15327 പേർക്ക് സഹായം നൽകുകയും ചെയ്തു.

- സമർത്ഥരായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ദേശീയതലത്തിലും അന്തർദേശീയ തലത്തിലുമുള്ള മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം നേടാൻ ധനസഹായം ഏർപ്പെടുത്തി. 2014-15ൽ 14.96 കോടി രൂപ ഇതിലേക്കായി ചെലവഴിച്ചു.

- 2015-16ൽ പട്ടികജാതിയിൽപ്പെട്ട മാതാപിതാക്കളുടെ പെൺമക്കളുടെ വിവാഹചിലവിന്റെ സാമ്പത്തിക ഭാരം കുറയ്ക്കാൻ 30 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. 2014-15ൽ 34.99 കോടി രൂപ ചെലവഴിക്കുകയും 7077 പേർക്ക് ഗുണഫലം ലഭിക്കുകയും ചെയ്തു.

- പട്ടിക വർഗ്ഗ വികസന വകുപ്പ് നടത്തി വരുന്ന വിദ്യാഭ്യാസ പരിപാടികളിലൂടെ 2015-16ൽ 89454 വിദ്യാർത്ഥികൾ വിദ്യാഭ്യാസ സഹായം നൽകുകയുണ്ടായി.

- ഭവന ധനസഹായം പട്ടികവർഗ്ഗക്കാർക്ക് 2.5 ലക്ഷം രൂപയിൽ നിന്ന് 3.50 ലക്ഷം രൂപയും പട്ടികജാതിക്കാർക്ക് 2 ലക്ഷം രൂപയിൽ നിന്ന് 3.00 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്.

- ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ പദ്ധതിയിലൂടെ നാളിതുവരെ 7033 കുടുംബങ്ങൾക്ക് 9161.49 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

- മറ്റു പിന്നാക്കവിഭാഗക്കാരുടെ ക്ഷേമത്തിനായി 2014-15ൽ 80 കോടി രൂപയും 2015-16ൽ 90 കോടി രൂപയും സംസ്ഥാന സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പിന് വകയിരുത്തി.

- 2015-16ൽ ന്യൂനപക്ഷ ക്ഷേമവകുപ്പിന് 60 കോടി രൂപ സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കാനായി നീക്കിവെച്ചിട്ടുണ്ട്.

- കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി വരുമാനദായക പ്രോജക്ടുകൾ, ഭവന വായ്പ, വിദ്യാഭ്യാസ ലോണുകൾ, തൊഴിൽ പരിശീലനം മുതലായവ ന്യൂനപക്ഷങ്ങൾക്ക് നൽകാൻ ഉദ്ദേശിച്ച് 2015-16ൽ 10 കോടി രൂപ ഓഹരി മൂലധനമായി കോർപ്പറേഷന് നൽകിയിട്ടുണ്ട്.

**പശ്ചാത്തല സൌകര്യം**

- സംസ്ഥാന രാജപാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവ ഉൾപ്പെടെ 2713 കി.മീറ്റർ റോഡുകളുടെ വികസനവും, മെച്ചപ്പെടുത്തലും പൂർത്തിയാക്കി. ശബരിമലയിലേക്കുള്ള 5 റോഡുകളുടെ (83.96 കി.മീ.) ഹെവി മെയിന്റനൻസ് പൂർത്തിയാക്കി.

- 700.48 കോടി രൂപ ചെലവിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത സംരംഭമായ കൊല്ലം, ആലപ്പുഴ ബൈപാസുകളുടെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

- 2403 കോടി രൂപ ചെലവിൽ കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ 363 കി.മീറ്റർ റോഡുകളുടെ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

- വാഹനങ്ങളുടെ എണ്ണം മുൻ വർഷത്തെ 85,47,966 ൽ നിന്നും 94,21,245 ആയി വർദ്ധിച്ചു.

- 2014-15 ൽ ആകെ 37,253 (പ്രതിദിനം 102) വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

- ജൻറം ബസ്സുകളുടെ നടത്തിപ്പിനായി കെ.എസ്.ആർ.ടി.സി യുടെ അനുബന്ധ കോർപ്പറഷനായി കെ.യു. ആർ.ററി.സി. രൂപീകരിച്ചു.

- കെ.എസ്. ആർ. ടി സി യിൽ പുനരുജ്ജീവന പാക്കേജ് നടപ്പാക്കൽ, ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഷെഡ്യൂളുകളുടെ പുനർ വിന്യാസം, ദേശസാൽകൃത, സ്വകാര്യ റൂട്ടുകളുടെ യുക്തിസഹമായ ക്രമീകരണം, ബസ് ജീവനക്കാരുടെ അനുപാതം കുറയ്ക്കൽ, ട്രിപ്പുകളുടെ ഏകീകരണം എന്നിവയിലൂടെ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി

- കൊച്ചി നഗരത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളാ ഗവൺമെന്റ് 2012 ജൂലായിൽ 5181.00 കോടി രൂപ ചെലവിൽ ആരംഭിച്ച കൊച്ചി മെട്രോയുടെ ആലുവ മുതൽ പേട്ട വരെയുള്ള 25.25 കി.മീറ്റർ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ട്രെയിനുകളുടെ ടെസ്റ്റ് റൺ മുട്ടം മെട്രോ യാർഡിൽ 2016 –ജനുവരി 23 ന് മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

- 6728 കോടി രൂപാ ചെലവു വരുന്ന തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയ്ക്കായി കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ രൂപീകരിക്കുകയും പദ്ധതിയ്ക്ക് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിക്കുകയും ചെയ്തു.

- 3300 കോടി രൂപാ ചെലവിൽ തിരുവനന്തപുരം – ചെങ്ങന്നൂർ സബർബൻ റെയിൽ പദ്ധതി നിർവഹണത്തിനായി ഒരു പ്രത്യേക ഉദ്ദേശ്യ യാനം രൂപീകരിച്ച് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര റെയിൽ മന്ത്രാലയത്തിന് സമർപ്പിച്ചു.

- കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് കേന്ദ്ര വനം – പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കി റൺവെ, ടെർമിനൽ ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

**തുറമുഖ മേഖല**

- കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ, 2014-15 ൽ കൈകാര്യം ചെയ്ത ചരക്കിന്റെ തോതിൽ 47.19% വർദ്ധനവ് രേഖപ്പെടത്തി.

- കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ എന്നീ 5 തുറമുഖങ്ങൾ ചരക്ക് ഗതാഗതത്തിന് സജ്ജമാക്കി.

- 5552 കോട രൂപയുടെ വിഴിഞ്ഞം തുറമുഖ പദ്ധതി ആരംഭിച്ചു. 1000 ദിവസത്തിനുള്ളിൽ പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഊർജ്ജം**

- 2014-15 വർഷം 3 ചെറുകിട ജല വൈദ്യുതി പദ്ധതികൾ കമ്മീഷൻ ചെയ്യുവാൻ കെ.എസ്.ഇ.ബി.എൽ ന് സാധിച്ചു. 2.5 മെ.വാട്ട് ശേഷിയുള്ള ചിമ്മിണി, 3.5 മെ.വാട്ട്

ശേഷിയുള്ള ആഡ്യൻപാറ, 7.5 മെ.വാട്ട് ശേഷിയുള്ള വിലങ്ങാട് എന്നിവയാണവ. ഇവയടക്കം ആകെ 15.5 മെ.വാട്ട് അധിക ഊർജ്ജ ഉൽപ്പാദനം പദ്ധതികൾ തുടരുവാൻ കഴിഞ്ഞ സാമ്പത്തിക വർഷം സാധിച്ചു.

- വിതരണ രംഗത്ത് 2014-15 സാമ്പത്തിക വർഷം 4,22,238 സർവ്വീസ് കണക്ഷനുകൾ നൽകുവാനും 1807 കിലോ മീറ്റർ 11 കെ.വി ലൈനുകളും 4636 കിലോമീറ്റർ എൽ.റ്റി ലൈനുകളും സ്ഥാപിക്കുവാനായി

- പ്രസരണ വിതരണ നഷ്ടം സ്ഥിരിമായി കുറച്ചു കൊണ്ടു വരാൻ ഇക്കാലയളവിലും കെ.എസ്.ഇ.ബി.എൽ ന് സാധിച്ചു. 2013-14 വർഷം 14.96 ശതമാനമായിരുന്ന പ്രസരണ വിതരണ നഷ്ടം 2014-15 വർഷം 14.5 ശതമാനമായി. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചും ഊർജ്ജ മോഷണം തടഞ്ഞും പുതിയ ലൈനുകളും ഉപസ്റ്റേഷനുകളും സ്ഥാപിച്ചും വിതരണ ശൃംഖല മെച്ചപ്പെടുത്തിയും ആധുനിക വൽക്കരിച്ചുമാണ് കെ.എസ്.ഇ.ബി.എൽ ന് ഈ നേട്ടം കൈവരിക്കാനായത്.

- ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) പദ്ധതി പ്രകാരം 48292 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര ഊർജ്ജ മന്ത്രാലയം ഇക്കാലയളവിൽ അംഗീകാരം നൽകി. സംയോജിത ഊർജ്ജ വികസന പദ്ധതി 63 മുനിസിപ്പാലിറ്റികളിൽ നടപ്പിലാക്കുന്നതിനായി 59207 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ അംഗീകാരത്തിനായി സമർപ്പിച്ചു.

- സംസ്ഥാനത്തെ ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡ് നിയമിച്ച വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ഈ കാലയളവിൽ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. സൌരോർജ്ജ ഉൽപ്പാദനം, ചെറുതും സൂക്ഷമവും അതി സൂക്ഷമവുമായ ജല വൈദ്യുതി പദ്ധതികൾ, പുനരുജ്ജീവിപ്പിക്കാവുന്ന ഊർജ്ജ പദ്ധതികൾ , പ്രസരണം, ഊർജ്ജ വിദ്യാഭ്യാസം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിലപ്പെട്ട നിർദ്ദേശങ്ങളാണ് റിപ്പോർട്ടിലുള്ളത്.

- കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ 45 ഏക്കർ വിസ്തൃതിയുള്ള സ്ഥലത്ത് 46150 സോളാർ പാനലുകൾ ഉള്ള ഒരു 12 MW പ്ലാന്റ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവള അതോറിറ്റി സ്ഥാപിക്കുകയുണ്ടായി. ഇതോടെ സോളാർ പവർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ലോകത്തെ ആദ്യ എയർപോർട്ടായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം. ഈ ഹരിത മാതൃക രാജ്യമെമ്പാടും ചർച്ച ചെയ്ത അനുകരണീയ മാതൃകയാണ്.

- ഊർജ്ജ ഉൽപാദന ഘടന, ഊർജ്ജ ഉപഭോഗ രീതി, ഊർജ്ജ മേഖലയിലെ പ്രോജക്ഷനുകൾ എന്നിവ സൂചിപ്പിക്കുന്നത് ഈ മേഖലയിൽ വരും കാലങ്ങളിൽ ദീർഘ വീക്ഷണത്തോടെയുള്ള ആസൂത്രണ പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടി വരും എന്നാണ്.

**നഗര വികസനം**

- നഗരവൽക്കരണത്തിന്റെയും ത്വരിതവാണിജ്യ വികസനത്തിന്റെയും ഫലമായിട്ടുണ്ടായ ചില ചുവടുവെയ്പുകളാണ് കൊച്ചി മെട്രോയും തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയും. ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന കെ.എസ്.യു.ഡി.പി. ഏറ്റെടുത്തിട്ടുള്ള ചില പദ്ധതികളാണ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, നഗര ജ്യോതി പദ്ധതി, നഗരം 2020 മുതലായവ. എറണാകുളം ജില്ലയിൽ രണ്ടും പാലക്കാട് ജില്ലയിൽ ഒന്നും ഉൾപ്പെടെ മൂന്ന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ അനുവദിക്കുകയും കൊച്ചി

ബ്രഹ്മപുരത്തെ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ജവഹർലാൽ നെഹ്റു ദേശീയ നഗര ഉപജീവന ദൌത്യം പദ്ധതിയിൽ 80 എ.സി. ലോഫ്ലാർ ബസുകളും 240 നോൺ എ.സി. ലോഫ്ലോർ ബസുകളും വാങ്ങി. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 2014-15 വർഷം 3,61,100 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.

**വിവര സാങ്കേതിക വിദ്യ**

- സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകളുടെ സോഫ്റ്റ് വെയർ കയറ്റുമതിയിൽ കേരളത്തിന് എട്ടാം സ്ഥാനമുണ്ട്.
- 2014-15 വരെയുള്ള കണക്കനുസരിച്ച് ടെക്നോപാർക്കിൽ 335 കമ്പനികൾ പ്രവർത്തിക്കുന്നു. 2010-11 ൽ 200 കമ്പനികളാണ് ഉണ്ടായിരുന്നത്.
- 2014-15 ൽ ടെകനോപാർക്കിൽ നിന്നുള്ള സോഫ്റ്റ് വെയർ കയറ്റുമതി 20 ശതമാനം വളർച്ച രേഖപ്പെടുത്തി 5100 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.
- 2014-15 ൽ 47,100 ഐ.റ്റി പ്രൊഫഷണലുകൾ ടെക്നോപാർക്കിൽ ജോലി ചെയ്തിരുന്നു. 2010-11 ൽ ഇത് 30,000 ആയിരുന്നു.
- ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന 237 കമ്പനികളിലൂടെ 26500 പ്രൊഫഷണലുകൾക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നു. 2014-15 ൽ ഇൻഫോപാർക്കിന് 3150 കോടി രൂപയുടെ കയറ്റുമതി വരുമാനം ലഭിച്ചു.
- സെക്രട്ടേറിയറ്റിലും 21 ഡിപ്പാർട്ടുമെന്റുകളിലും ഇ-ഓഫീസ് സംവിധാനത്തിന് തുടക്കം കുറിച്ചു.
- ഇ – ഡിസട്രിക്ട് പദ്ധതിയിലൂടെ 1.8 കോടി അപേക്ഷകൾ ലഭിക്കുകയും റവന്യൂ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്.
- ബാങ്കിംഗ് ഇൻഷ്വറൻസ് മേഖലകളിൽ അക്ഷയ പുതുതായി ചുവടുറപ്പിച്ചു.
- ഇതിനായി ഏകദേശം ആരംഭിച്ച ബാങ്കിംഗ് കിയോസ്കുകൾ 917
- കൈകാര്യം ചെയ്ത ഇ – ട്രാൻസാക്ഷനുകളിൽ കേരളത്തിന് മൂന്നാം സ്ഥാനമുണ്ട് (40 കോടി ഇ – ട്രാൻസാക്ഷനുകൾ).

**കായിക അടിസ്ഥാന വികസനം.**

- 2015 ജനുവരി 31 മുതൽ 2015 ഫെബ്രുവരി 14 വരെ, സംസ്ഥാനത്തെ ഏഴ് ജില്ലകളിലായി 35-)മത് ദേശീയ കായികമേളയ്ക്ക് കേരളം ആഥിതേയത്വം വഹിക്കുകയുണ്ടായി. 35-)മത് ദേശീയ കായിക മേളയിൽ 33 കായിക മത്സരയിനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. 405 സ്വർണ്ണമെഡലുകളും, 406 വെള്ളി മെഡലുകളും 523 വെങ്കല മെഡലുകളോടും കൂടിയ 15 ദിവസത്തെ മത്സരയിനങ്ങളാണ് കായികമേളയോടനുബന്ധിച്ച് സംഘടിപ്പിച്ചത്. കേരളത്തിലെ ഏഴ് ജില്ലകളിൽ 30 വേദികളിലായി 611 കോടി രൂപ (ജനുവരി 31- ഫെബ്രുവരി 14) ചെലവഴിച്ചാണ് ദേശീയ കായിക മേള സംഘടിപ്പിച്ചത്.
- ലോകോത്തര സ്റ്റേഡിയങ്ങളിൽ ഒന്നായ കാര്യവട്ടത്തെ ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, 30 ഏക്കറിൽ 50,000 ഇരിപ്പിടങ്ങളുമായി 161 കോടി രൂപ ചെലവഴിച്ചാണ് നിർമ്മിച്ചരിക്കുന്നത്. പി.പി.പി. മോഡലിലുള്ള രാജ്യത്തെ ഈ സ്റ്റേഡിയം ഡി.ബി.ഒ.റ്റി-ഡിസൈൻ, ബിൽഡ്,

ഓപ്പറേറ്റ്, ട്രാൻസ്ഫർ മോഡലിലാണ് നിർമ്മിച്ചിരിക്കുന്നത്. 30.5 ഏക്കറിൽ സ്റ്റേഡിയം സ്ഥിതി ചെയ്യുന്നു. കൂടാതെ 1000 വാഹനങ്ങൾ നിർത്തിയിടാനുള്ള സൌകര്യത്തിന് പ്രത്യേകമായി 6.5 ഏക്കർ സ്ഥലം നീക്കി വച്ചിട്ടുണ്ട്. 35-ാമത് കായികമേളയുടെ പ്രാരംഭ അവസാനഘട്ട ചടങ്ങുകൾ നടന്നത് കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വച്ചാണ്.

**വാർത്താവിതരണവും പ്രചരണവും**

- 2014-15 വർഷത്തിൽ പതിനാലാം ധനകാര്യകമ്മീഷന്റെ യോഗങ്ങളും ആസൂത്രണ ബോർഡിന്റെ പ്രഭാഷണ പരമ്പരകളും ലിഖിതപ്പെടുത്തുകയുണ്ടായി.
- തിരുവനന്തപുരത്ത് വഴുതക്കാട് പ്രവർത്തിക്കുന്ന ടാഗോർ തിയേറ്റർ വിവിധ സാംസ്കാരിക വിനോദപരിപാടികൾ നടത്താനുള്ള ഒരു വിവിധോദ്ദേശ്യ സാംസ്കാരിക കേന്ദ്രമാക്കി ഉയർത്താനുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കി, നവീകരിച്ച തിയേറ്റർ പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു.
- അന്തർ സംസ്ഥാന പൊതുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി കേരളത്തിന്റെ സംസ്കാരം, ഉല്പ്പന്നങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു വാണിജ്യമേള ബോംബെയിൽ സംഘടിപ്പിച്ചു.
- സർക്കാരിന്റെ വികസനക്ഷേമ പരിപാടികൾ പ്രദർശിപ്പിക്കാനുള്ള എൽ.ഇ.ഡി പ്രദർശന ബോർഡുകൾ (വീഡിയോ വാൾ) തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥാപിച്ചു.

**ഭവന നിർമ്മാണം**

- ഗൃഹശ്രീ ഭവന പദ്ധതി:- സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കും താഴ്ന്ന വരുമാനക്കാർക്കും വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡിയായി നൽകുന്നു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡാണ് നടപ്പിലാക്കുന്നത്.
- 'എല്ലാവർക്കും ഭവനം' പദ്ധതി:- കേരളത്തിലെ എല്ലാ ജനങ്ങൾക്കും താങ്ങാനാകുന്ന വാസസൌകര്യം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ പ്രഖ്യാപിച്ച 'എല്ലവർക്കും ഭവനം' പദ്ധതി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്നു.

**കേരളത്തിൽനിന്നുള്ള വിദേശവ്യാപാരം**

2014-15-ൽ കൊച്ചി തുറമുഖം വഴിയുള്ള മൊത്തം വ്യാപാരം 3.4 ശതമാനം വർദ്ധനവോടെ 215.95 ലക്ഷം മെട്രിക് ടണ്ണിൽ എത്തി; 2013-14-ൽ ഇത് 208.86 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2013-14-ൽ 10.85 ശതമാനം വർദ്ധനവോടെ 42.50 ലക്ഷം മെട്രിക് ടണ്ണായിരുന്ന കയറ്റുമതി 2014-15-ല് 4.52 ശതമാനം കണ്ട് കുറഞ്ഞ് 40.58 ലക്ഷം മെട്രിക് ടണ്ണായി. കഴിഞ്ഞ വർഷം 166.36 ലക്ഷം മെട്രിക് ടണ്ണായിരുന്ന ഇറക്കുമതി ഇക്കാലയളവിൽ വർദ്ധിച്ച് 175.37 ലക്ഷം മെട്രിക് ടണ്ണായി.

- കൊച്ചി തുറമുഖം വഴിയുള്ള ഇറക്കുമതി, 2013-14-ലെ 166.36 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 5.4 ശതമാനം ഉയർന്ന് 175.36 ലക്ഷം മെട്രിക് ടണ്ണായി. കഴിഞ്ഞ മൂന്നുവർങ്ങളായി ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യുന്നില്ല.
- സമുദ്രോല്പന്ന കയറ്റുമതിയിൽ, അളവിലും മൂല്യത്തിലും, 2014-15-ൽ വർദ്ധനവ് ഉണ്ടായി; അളവ് 2013 -14 ലെ 165698 മെട്രിക് ടണ്ണിൽ നിന്നുയർന്ന് 2014-15-ൽ 166754 മെട്രിക് ടണ്ണും മൂല്യം ഇതേ കാലയളവിൽ 470636 ലക്ഷം രൂപയിൽ നിന്ന് 516608 ലക്ഷം രൂപയുമായി.

- ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പ് കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം 2013-14 കാലത്ത് അളവിൽ 57.22 ശതമാനമായിരുന്നത് നേരിയതോതിൽ വർദ്ധിച്ച് 2014-15-ൽ 57.29 ശതമാനമായി. മൂല്യത്തിന്റെ കാര്യത്തിൽ 2013-14 കാലത്തെ 56.57 ശതമാനത്തിൽ നിന്നുയർന്ന് 2014-15-ൽ 57.04 ശതമാനത്തിലെത്തി.

- കൊച്ചിതുറമുഖം വഴിയുള്ള കാർഡനോൾ കയറ്റുമതി 2.66 കോടി രൂപ മൂല്യമുള്ള 872 മെട്രിക് ടണ്ണായിരുന്നത് 2014-15-ൽ 2.70 കോടി രൂപ മൂല്യമുള്ള 818 മെട്രിക് ടണ്ണിലേയ്ക്ക് താഴ്ന്നു.

- കൊച്ചിതുറമുഖം വഴി 2013-14-ൽ 201955 മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഇറക്കുമതി ചെയ്തത്. ഇത് 2.27 ശതമാനം വർദ്ധിച്ച് 2014-15-ൽ 206542 മെട്രിക് ടണ്ണായി

- കേരളത്തിൽനിന്ന് കൊച്ചിതുറമുഖം വഴി 2013-14-ൽ 872 കോടി രൂപ വിലയുള്ള 75631 മെട്രിക് ടൺ കാപ്പിയാണ് കയറ്റി അയച്ചത്. 2014-15-ൽ ഇത് 749.98 കോടി രൂപ മൂല്യമുള്ള 65216 മെട്രിക് ടണ്ണായി കുറഞ്ഞു. ഇത് മൂല്യത്തിലും അളവിലും യഥാക്രമം 14.01 ശതമാനത്തിന്റെയും 13.77 ശതമാനത്തിന്റെയും കുറവാണ് കാണിക്കുന്നത്.

- 2014-15-ൽ 478.21 കോടി രൂപ വിലയുള്ള 90348 മെട്രിക് ടൺ തേയിലയാണ് കൊച്ചിതുറമുഖം വഴി കയറ്റി അയച്ചത്. ഇത് അളവിലും മൂല്യത്തിലും 6.55 വീതം ശതമാനത്തിന്റെ കുറവാണ് കാണിക്കുന്നത്; 2013-14-ൽ 511.71 കോടി രൂപ മൂല്യമുള്ള 96681 മെട്രിക് ടൺ തേയില ആയിരുന്നു കയറ്റി അയച്ചത്.

- 2013-14-ൽ 385.37 കോടി രൂപ വിലയുള്ള 124116 മെട്രിക് ടൺ ഉല്പന്നങ്ങളായിരുന്നു കയറ്റി അയച്ചതെങ്കിൽ 2014-15-ൽ അത് ചെറിയ തോതിൽ ഉയർന്ന് 389.12 കോടി രൂപ വിലവരുന്ന 125523 മെട്രിക് ടണ്ണായി.

- കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജന കയറ്റുമതി (കൊച്ചി, തിരുവനന്തപുരം ഉറമുഖങ്ങൾ വഴി) 2013-14 വർഷത്തെ 3253.40 കോടി രൂപ മൂല്യമുള്ള 81412.60 മെട്രിക് ടണ്ണിൽ നിന്ന് വർദ്ധിച്ച് 2014-15-ൽ 3285.34 കോടി രൂപ വിലവരുന്ന 81555.27 മെട്രിക് ടണ്ണായതായിക്കാണാം; കയറ്റുമതി 0.18 ശതമാനവും മൂല്യം 0.98 ശതമാനവും എന്ന് നേരിയ തോതിൽ വർദ്ധിച്ചതായി കാണാം.

**വിനോദ സഞ്ചാരം**

- 2014 ൽ 9.2 ലക്ഷം വിദേശ വിനോദ സഞ്ചാരികളും 117 ലക്ഷം ആഭ്യന്തര വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചു. ഈ മേഖലകളിൽ സംസ്ഥാനം മുൻവർഷത്തേക്കാൾ യഥാക്രമം 7.6 ശതമാനവും 7.71 ശതമാനവും വളർച്ച കൈവരിച്ചു.

- 2015 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച് മുൻവർഷത്തെ അതേ കാലയളവിനേക്കാൾ യഥാക്രമം 6.3 ശതമാനവും 7.21 ശതമാനവും വളർച്ച വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ സംസ്ഥാനം കൈവരിച്ചു.

- വിനോദ സഞ്ചാരത്തിൽ നിന്നുള്ള ആകെ വരുമാനം 2014 ൽ 8.54 ശതമാനം വളർന്ന് 24885.44 കോടി രൂപയിലെത്തി.

**ശാസ്ത്ര സാങ്കേതിക രംഗം.**

- ശാസ്ത്രജ്ഞർക്ക് സാങ്കേതിക വിദ്യ, മാനജ്മെന്റ് സംരകംഭകത്വം എന്നീ കാര്യങ്ങൾക്കായി 'വർഗീസ് കുര്യൻ യുവ ശാസ്ത്രജ്ഞ ഫെലോഷിപ്പ്' ആരംഭിച്ചു.

- ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ 2015 വർഷം നവംബർ വരെ ആകെ 202 ഗവേഷണ പുസ്തക - ഗവേഷണ പ്രബന്ധങ്ങൾ പുറത്തിറക്കി.

- റീജണൽ ക്യാൻസർ സെന്ററിൽ 2014-15 വർഷം 15939 പുതിയ ക്യാൻസർ കേസുകൾ രജിസ്റ്റർ ചെയ്തു. അതിൽ 75 ശതമാനത്തിലധികം രോഗികൾക്കും സൌജന്യ / കുറഞ്ഞനിരക്കിലുള്ള ചികിൽസ നല്കുവാൻ സാധിച്ചു.

- ഒ. പി. അനുബന്ധ സൌകര്യങ്ങൾക്കായി ഒരു പുതിയ ഒ.പി. കെട്ടിടം പണി തീർത്തു. 25000 ച. മീറ്റർ വരുന്ന മറ്റൊരു കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചു.

**തദ്ദേശ ഭരണ സ്ഥാപനങ്ങളും വികേന്ദ്രീകൃതാസൂത്രണവും**

- ഗ്രാമ സഭയിൽ ജനപങ്കാളിത്തം ഉയർത്തുന്നതിനായി അയൽസഭകൾ, സേവാഗ്രാം-ഗ്രാമകേന്ദ്രങ്ങൾ രൂപീകരിച്ചു.

- തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മൊത്തം അടങ്കൽതുക 11917.30 കോടിരൂപയായി ഉയർന്നു. കഴിഞ്ഞ സാമ്പത്തികവർഷം ഇത് 10681.26 കോടി രൂപയായിരുന്നു. (വർദ്ധനവ് 11.58 ശതമാനം)

- പദ്ധതി അടങ്കൽതുക 5914.80 കോടി രൂപയായി വർദ്ധിച്ചു. (16.55 ശതമാനം)

- എറണാകുളം, തൃശ്ശൂർ,കാസർഗോഡ്, വയനാട്, കണ്ണൂർ, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ ആസൂത്രണ മന്ദിരം പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

- തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മികച്ച പ്രകടനം കാഴ്ചവെച്ച മലപ്പുറം, കോട്ടയം, തിരുവനന്തപുരം ജില്ലകൾക്ക് യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്കുള്ള അവാർഡ് 13-07-2015 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിതരണം ചെയ്തു.

**കേരള പരിപ്രേക്ഷ്യ പദ്ധതി 2030**

സാമ്പത്തിക അവലോകനം 2015 ലെ പ്രദിപാദ്യവിഷയമായി ''കേരള പരിപ്രേക്ഷ്യ പദ്ധതി 2030 നടപടികളിലേയ്ക്കും നിർവ്വഹണത്തിലേയ്ക്കും'' ആണ് തയ്യാറാക്കിയിട്ടുള്ളത്. കേരള പരിപ്രേക്ഷ്യ പദ്ധതി 2030 സംസ്ഥാന സർക്കാരിന്റെയും ആസൂത്രണ ബോർഡിന്റെയും ഒരു പ്രധാന പരിപാടിയാണ്. ഈ പദ്ധതിയുടെ പൂർണ്ണ റിപ്പോർട്ട് 2015ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. നാല് വാല്യങ്ങളിലായി കേരളത്തിന്റെ സമസ്ത മേഖലകളെയും സാംശീകരിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതിയെക്കുറിച്ച് മൊത്തത്തിലുള്ള ഒരു സംഗ്രഹം ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തുന്നുണ്ട്. പരിപ്രേക്ഷ്യ പദ്ധതി എന്നാൽ എന്താണ്, കേരളത്തിന് ഈ പദ്ധതിയുടെ ആവശ്യകത, പദ്ധതിയുടെ ലക്ഷ്യങ്ങൾ, ഈ പദ്ധതിയുടെ ചട്ടക്കൂട്, ഈ പദ്ധതിയുടെ അടിസ്ഥാന പ്രതിപാദ്യ വിഷയങ്ങളായ സുസ്ഥിര വികസനം, വിജ്ഞാന സമ്പദ് വ്യവസ്ഥ, പ്രാഥമിക പരമ്പരാഗത ഉത്പന്നമേഖലകളിലെ സംരംഭകത്വ സമീപനം; പാരിസ്ഥിതിക മുഖ്യധാരാവത്കരണം തുടങ്ങിയവയെല്ലാം ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ കെ.പി.പി. 2030 നടത്തിപ്പിനുള്ള പ്രാരംഭ നടപടികൾ, നിക്ഷേപ സാദ്ധ്യതകളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.